# സ്വർഗ്ഗത്തിന്റെ ആത്മാവിനെ പ്രകടിപ്പിക്കുക

സാക് പുന്നൻ

WFTW 18 ഓഗസ്റ്റ് 2013

സ്വർഗ്ഗത്തിന്റെ അന്തരിക്ഷം നമ്മുടെ ഹൃദയങ്ങളിൽ നൽകുവാനാണ് പരിശുദ്ധാത്മാവ് വന്നത്. പഴയ ഉടന്പടിക്ക് കീഴിൽ ഉള്ളവർക്ക് ന്യായ പ്രമാണങ്ങൾ ഉണ്ടായിരുന്നതിനാൽ മറ്റു മനുഷ്യരിൽ നിന്നും വ്യത്യസ്തമായ വളരെ നീതിയോടെയുള്ള ഒരു ജിവിതം സാദ്ധ്യമായിരുന്നു. എന്നാൽ ഇന്നു നമ്മെ നടത്തുവാൻ ചില ദൈവിക നിയമങ്ങൾ ഉണ്ടെന്നു മാത്രമല്ല ,നമ്മുടെ പ്രവർത്തനത്തെ തന്നെ നിയന്ത്രിക്കുന്ന ദൈവികജിവിതം നമുക്ക് ലഭിച്ചിരിക്കുന്നു .

സ്വർഗ്ഗം സ്വർഗ്ഗമായിരിക്കുന്നത് ദൈവിക സാന്നിദ്ധ്യത്താലാണ് .എവിടെ ദൈവം ഉണ്ടോ അവിടം സ്വർഗ്ഗമാണ്. ദൈവം ഇല്ലാത്തയിടം നരകവുമായിരിക്കും. ഇവിടെ ഭൂമിയിൽ ദൈവ സാന്നിദ്ധ്യം എല്ലായിടത്തും ഉണ്ട് . അതിനാലാണ് മാനസാന്തരപ്പെടാത്ത ആളുകളിലും ചില നന്മകൾ നാം കാണുന്നത് . എന്നാൽ നരകത്തിൽ ഈ ആളുകൾ തന്നെ തികച്ചും വ്യത്യസ്തരായിരിക്കും .അവിടെ അവരുടെ സ്വാർത്ഥതയും അഹങ്കാരവും അടക്കി വയ്കാൻ കഴിയുകയില്ല. അതിനു സഹായിക്കുന്ന ദൈവികനന്മ അവിടെ ഇല്ലാത്തതിനാൽ അവരുടെ യഥാർത്ഥ സ്വഭാവത്തിൽ തന്നെ അവർ അറിയപ്പെടും .

സ്വർഗ്ഗത്തിൽ അനുഗ്രഹിക്കപ്പെട്ട ഒരു കൂട്ടായ്മയുണ്ട് .അവിടെ മറ്റുള്ളവരെ ഭാരപ്പെടുത്തുന്ന ഒന്നും ഉണ്ടാവുകയില്ല.

എല്ലാവരും മറ്റുള്ളവരുടെ സേവകരാണ് . ലൂസിഫറിനെ പോലെ മറ്റുള്ളവരെ ഭരിക്കണമെന്ന് ആഗ്രഹിക്കുന്നവർ സ്വർഗ്ഗത്തിൽ ഉണ്ടാവുകയില്ല. 'സ്വർഗ്ഗത്തിൽ സേവനം ചെയ്യുന്നതിനേക്കാൾ നരകത്തിൽ ഭരണം നടത്തുന്നതാണ് നല്ലത്.' ഇതാണ് അവന്റെ മനോഭാവം . മറ്റുള്ളവരുടെ മേൽ ഭരണം നടത്തുക എന്നതാണ് സാത്താന്യ ആത്മാവിന്റെ അന്തസത്ത. ഭീകരന്മാരെ പോലെ ഭാര്യമാരെ ഭരിക്കുന്ന ഭർത്താക്കൻമാരും, ഭർത്താക്കന്മാർക്ക് കീഴടങ്ങാത്ത ഭാര്യമാരും അവരുടെ ഭവനത്തിൽ ഒരു നരകമാണ് സൃഷ്ടിക്കുന്നത് . സഭയിൽ മറ്റുള്ളവർക്ക് ഭാരം കൊടുക്കുന്ന സഹോദരന്മാർ സഭയിലേക്ക് നരകം കൊണ്ടുവരികയാണ് . അവർ പണിയുന്നത് ബാബിലോൺ ആണ് .

സ്വർഗ്ഗത്തിന് തികച്ചും വ്യത്യസ്തമായ ഒരു ആത്മാവാണ് . കാരണം ദൈവം പിതാവായിട്ട് അവിടെയുണ്ട് . അവിടുന്ന് ആരുടെയും മേൽ ആധിപത്യം എടുക്കുന്നില്ല. പകരം സ്നേഹമുള്ള ഇടയനെപ്പോലെ അവരെ ശുശ്രൂഷിക്കുകയാണ് ചെയ്യുന്നത്. ആ സ്വഭാവത്തോടാണ് നാം പങ്കാളികളാകേണ്ടത് .ഇപ്പോൾ നാം വിശ്വസ്തരാണെങ്കിൽ സ്വർഗ്ഗത്തിൽ നമുക്ക് കിരീടം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു . അതിന്റെ അർത്ഥം എന്താണ് ? അന്ന് നാം ആളുകളെ ഭരിക്കുമെന്നാണോ അതിന്റെ അർത്ഥം ? അല്ല ഒരിക്കലുമല്ല. അതിന്റെ അർത്ഥം , ഇവിടെ ഈ ഭൂമിയിൽ സഹോദരന്മാരെ സേവിക്കുവാൻ ആഗ്രഹിച്ചിരുന്ന നമുക്ക് ആ കാര്യം പൂർണ്ണതയോടെ ചെയ്യുവാൻ പലവിധ പരിമിതികളാൽ സാധിച്ചില്ല. സ്വർഗ്ഗത്തിൽ എല്ലാ പരിമിതികളും മാറ്റപ്പെട്ടിരിക്കുന്നതിനാൽ മറ്റുള്ളവരെ പൂർണ്ണതയോടെ സേവിക്കുവാൻ നമുക്ക് കഴിയും. അങ്ങനെ നമ്മുടെ ഹൃദയത്തിലെ ആഗ്രഹം നിവർത്തിയാകും.

സ്വർഗ്ഗത്തിലെ ഏറ്റവും പ്രധാന വ്യക്തി യേശു തന്നെ ആയിരിക്കും. അവിടുന്ന് തന്നെയാണ് എല്ലാവരുടെയും ഏറ്റവും വലിയ ദാസനും .അവിടുത്തെ ആത്മാവ് എക്കാലവും സേവനത്തിന്റെ ആത്മാവാണ് .മറ്റുള്ളവർക്ക് രുചിച്ച് നോക്കുന്നതിന് സ്വർഗ്ഗത്തിന്റെ ഒരു ചെറിയ മാതൃകയായിട്ടാണ് ദൈവം സഭയെ ഈ ഭൂമിയിൽ വച്ചിരിക്കുന്നത്. ഒരു ബിസ്കറ്റ് കന്പനി അവരുടെ ബിസ്കറ്റിന്റെ ഒരു ചെറിയ അംശം നമുക്ക് രുചിച്ച് നോക്കാൻ തന്നിട്ട് കൂടുതൽ ആവശ്യമുണ്ടോ എന്ന് അറിയുന്നത് പോലെയാണിത്. അവിടുത്തെ രാജ്യത്തിന്റെ മൂല്യങ്ങൾ ഈ ഭൂമിയിൽ പ്രദർശിപ്പിക്കുവാനും മറ്റുള്ളവരെ അതിലേക്ക് ആകർഷിക്കുവാനും വേണ്ടിയാണ് ദൈവം നമ്മെ അയച്ചിരിക്കുന്നത്

യേശു ഈ ഭൂമിയിൽ ജീവിച്ചപ്പോൾ സ്വർഗ്ഗീയ ജീവന്റെ ഒരു അംശം കാണുവാനും രുചിക്കുവാനും ആളുകൾക്കു സാധിച്ചു. അവർ അവിടുത്തെ കരുണയും , മറ്റുള്ളവരോടുള്ള പരിഗണനയും , വിശുദ്ധിയും നിസ്വാർത്ഥ സ്നേഹവും താഴ്മയും ഒക്കെ കണ്ടു. സ്വർഗ്ഗം അങ്ങനെയാണ് . ദൈവവും അങ്ങനെയാണ്. പാപികളോടും ജിവിതത്തിൽ പരാജയപ്പെട്ടവരോടും കരുണ നിറഞ്ഞവനാണ് ദൈവം .

അതേസമയം തന്നെ ദൈവനാമത്തിൽ പണം സന്പാദിക്കുന്നവരേയും മതഭക്തരായ കാപട്യക്കാരെയും അങ്ങേയറ്റം കാർക്കശ്യത്തോടെ നരകത്തിലേക്ക് വിടുന്നവനാണ് പിതാവെന്നും യേശു വെളിപ്പെടുത്തി. വിശുദ്ധനെന്ന് ഭാവിക്കുകയും മറ്റുള്ളവരോട് കരുണയില്ലാത്തവനുമായ ഒരാൾപോലും സ്വർഗ്ഗത്തിലുണ്ടാവുകയില്ല.

സ്വർഗ്ഗം താണിറങ്ങി നമ്മുടെ സഭയിലേക്ക് വരുന്പോൾ ഇത്തരമൊരു ജീവിതമാണ് വെളിപ്പെടേണ്ടത്. ത്രിത്വത്തിൽ രണ്ടാമനായ യേശു ഈ ഭൂമിയിലേക്ക് വന്നപ്പോൾ ദൈവിക ജീവിതം വെളിപ്പെടുത്തുന്നതിന് ഒരു ശരീരം ആവശ്യമായിരുന്നു. ഇപ്പോൾ പരിശുദ്ധാത്മാവ് (ത്രിത്വത്തിൽ മൂന്നാമൻ) വന്നിരിക്കുന്നു. സ്വർഗ്ഗീയ ജീവൻ വെളിപ്പെടുത്തുന്നതിന് പരിശുദ്ധാത്മാവിനും ശരീരങ്ങൾ ആവശ്യമുണ്ട് . യേശു ഈ ഭൂമിയിലായിരുന്നപ്പോൾ ഒരു ശരീരം ഇല്ലായിരുന്നുവെങ്കിൽ അവിടുത്തെ ജീവിതം എത്ര പരിമിതപ്പെട്ടിരുന്നേനെ . യേശുവിന് ഒരു ശരീരം ഉണ്ടായിരുന്നു എന്നതിനാൽ ദൈവത്തിനു സ്തോത്രം. അതിനാൽ നമുക്കൊരു ശരീരമുണ്ടെന്നുള്ളത് വളരെ വിലപ്പെട്ട ഒരു കാര്യമായിരിക്കുന്നു. കാരണം ഈ ശരീരത്തിലാണ് പരിശുദ്ധാത്മാവിനാൽ ദൈവിക ജിവിതം മറ്റുള്ളവർക്ക് വെളിപ്പെടുത്തി കൊടുക്കുവാൻ സാധിക്കുന്നത

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)